**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മുക്കം നഗരസഭ - ദിവസ വേതനാടിസ്ഥാനത്തിൽ താൽക്കാലികമായി 7 ക്ലർക്കുമാരെ നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 227/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 24.01.2018

---

പരാമർശം : 1. മുക്കം നഗരസഭ സെക്രട്ടറി ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മുമ്പാകെ സമർപ്പിച്ച 25.09.2017 ലെ എ 3-657/17 നമ്പർ കത്ത്.

2. മുക്കം നഗരസഭ കൗൺസിലിന്റെ 22.09.2017 തീയതിയിലെ 9 -ാംനമ്പർ തീരുമാനം..

## ഉത്തരവ്

മുക്കം നഗരസഭയിൽ വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കുന്നതിനും ഓഫീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിനും 7 ക്ലർക്കുമാരെ 6 മാസക്കാലയളവിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം ഒന്നിലെ കത്ത് പ്രകാരം നഗരസഭ സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു. ഇക്കാര്യത്തിൽ പരാമർശം 2 പ്രകാരം നഗരസഭ കൗൺസിൽ തീരുമാനമെടുത്തിട്ടുള്ളതുമാണ്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുക്കം നഗരസഭ കൗൺസിലിന്റെ തീരുമാനം പരിഗണനാർഹമാമെന്ന് സർക്കാർ കാണുന്നു. ഈ സാഹചര്യത്തിൽ താല്കാലിക ജീവനക്കാരുടെ നിയമനം സംബന്ധിച്ച് നിലവിലുള്ള നിബന്ധനകൾക്കും ഇതിലേക്കാവശ്യമായ ചെലവ് നഗരസഭയുടെ ഫണ്ടിൽ നിന്ന് വഹിക്കണമെന്ന വ്യവസ്ഥയിലും മുക്കം നഗരസഭയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 7 ക്ലർക്കുമാരെ 179 ദിവസത്തേക്ക് താല്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം.
നഗരസഭാ സെക്രട്ടറി, മുക്കം നഗരസഭ
എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ